**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 151** | **04.06.2018-ൽ മറുപടിക്ക്** |
|---|---|

**പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന കേസ്സുകൾ**

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കൊലപാതകം ഉൾപ്പെടെയുള്ള കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ അശ്രദ്ധയും, ഒത്തുകളിയും കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഇത്തരത്തിൽ വ്യാപകമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഏത് ഉന്നതരായാലും നിയമത്തിന്റെ മുമ്പിൽ നിന്ന് രക്ഷപെടില്ല എന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ചില ഒറ്റപ്പെട്ട സംഭവങ്ങളിൽ അന്വേഷണോദ്യോഗസ്ഥരുടെ അലംഭാവവും അശ്രദ്ധയും കേസുകൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യപ്പെടാത്ത അവസ്ഥ പോലീസിൽ ഉണ്ടായ ഘട്ടങ്ങളിൽ സർക്കാർ ഇടപെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിരപരാധികളായ ചിലരെ വ്യക്തിവൈരാഗ്യത്തിന്റെ പേരിലും രാഷ്ട്രീയ ശത്രുതയുടെ പേരിലും കേസിൽ കുടുക്കുകയും പിന്നീട് കോടതി നിരപരാധികൾ ആണെന്ന് പറഞ്ഞ് അവരെ വിട്ടയക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; | (സി), (ഡി) & (ഇ) | കേസ്സന്വേഷണത്തിൽ അലംഭാവം പ്രകടിപ്പിക്കുകയും വിവേചനപരമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് അച്ചടക്കനിയമം അനുസരിച്ചും, പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമരീതികൾ അവലംബിച്ചുകൊണ്ടുമുള്ള മാതൃകാപരമായ സമീപനമാണ് സർക്കാർ അനുവർത്തിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ നിലപാട് തികച്ചും സുതാര്യമാണ്. കുറ്റക്കാരെ ഒരു കാരണവശാലും സംരക്ഷിക്കരുതെന്ന സമീപനത്തിലധിഷ്ഠിതമാണ് സർക്കാരിന്റെ പ്രവർത്തനശൈലി. ഏർപ്പെടുന്ന |
| (ഡി) | ഇത്തരം പാളിച്ചകൾക്ക് നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ; | | |
| (ഇ) | ഇത് സംബന്ധിച്ച് നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കുറ്റകൃത്യങ്ങൾക്കും പ്രകടമാക്കുന്ന അലംഭാവത്തിനും, വീഴ്ചകൾക്കും ആനുപാതികമായുള്ള ശിക്ഷണനടപടികളാണ് ഇത്തരക്കാർക്ക് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ